A

702

# സമഗ്ര ശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം
## കേരളപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1** വായിക്കാം എഴുതാം

**പുഷ്പാർച്ചന**

മഴ മാറി മാനം തെളിഞ്ഞുവന്നു
മഴമേഘമെങ്ങോ മറഞ്ഞു നിന്നു
കുന്നലനാടിന്റെ പുഷ്പകാലം
ചിങ്ങത്തിൻ തേരിലിറങ്ങി മന്ദം.

ഓർമ്മവച്ചന്നുതൊട്ടോമനിക്കും
ഓണമഹോത്സവകാലമായി.
അത്തം പുലർന്നു കിടാങ്ങളെല്ലാം
ചിത്രശലഭമായ് പൂക്കൾതേടി.

ഓരോ സുമത്തിലുമുമ്മവയ്ക്കും
ഓണപ്പറവയെ പിന്തുടർന്ന്
മന്ദമരുത്തു മണംപകർന്നു
മണ്ണിന്റെ മക്കളതാസ്വദിച്ചു.

തൂവെള്ളത്താരുകൾ ചൂടിനിന്ന
തുമ്പക്കുടത്തിൻ മുഖത്തുനോക്കി
പൊന്നിന്റെ കമ്മലണിഞ്ഞുനിന്ന
മഞ്ഞമുക്കുറ്റികൾ കണ്ണിറുക്കി.

*മേരി ജോൺ കൂത്താട്ടുകുളം*

1. കുട്ടികൾ പൂക്കൾ തേടിയലഞ്ഞത് എങ്ങനെയെന്നാണ് കവി പറയുന്നത്?
   (എ) വണ്ടിനെപ്പോലെ (ബി) പക്ഷിയെപ്പോലെ
   (സി) കാറ്റിനെപ്പോലെ (ഡി) ചിത്രശലഭത്തെപ്പോലെ
2. പൊന്നിൻ കമ്മലണിഞ്ഞു നിൽക്കുന്നതാരാണ്?
   (എ) തുമ്പ (ബി) തുളസി (സി) മുക്കുറ്റി (ഡി) മന്ദാരം
3. താഴെ കൊടുത്തവയിൽ ഓണമഹോത്സവവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?
   (എ) പുഷ്പകാലം തേരിലിറങ്ങിവരുന്നു (ബി) പൂക്കൾ തേടുന്ന കുട്ടികൾ
   (സി) തെളിഞ്ഞ ആകാശം (ഡി) മഴമേഘങ്ങൾ നിറഞ്ഞ ആകാശം
4. മഞ്ഞമുക്കുറ്റികൾ ആരെ നോക്കിയാണ് കണ്ണിറുക്കിയത്?
   (എ) ചിത്രശലഭം (ബി) ഓണപ്പറവ (സി)തുമ്പ (ഡി) മഴ
5. പ്രകൃതിയുടെ ഏതു ഭാവത്തെയാണ് കവിതയിൽ സൂചിപ്പിക്കുന്നത്?
   (എ) സന്തോഷം (ബി) വിഷാദം (സി) നിസ്സഹായത (ഡി) വെറുപ്പ്

പ്രവർത്തനം 2 എ. ആസ്വാദനക്കുറിപ്പ്


## മൊബൈൽ ടവർ

ഉണ്ടായിരുന്നൊരടക്കാക്കുന്ന്
ലോറിയിലേറിയപ്പോൾ
ഉണ്ണാതിരുന്നു കരഞ്ഞിരുന്നു
നേരമൊരുപാട് പോയിരുന്നു.

ഇന്നു പുലർച്ചെയൊരത്ഭുതം
ഞാനെഴുന്നേറ്റ് വിളിച്ചുകൂവി
കണ്ടു, ദൂരെയൊരസ്ഥികൂടം
എന്നിട്ടുമാരും ചെവിതന്നില്ല

എങ്ങനെവന്നു, മുളച്ചുപൊന്തി
ഉത്തരം തേടിയലഞ്ഞു ഞാൻ
തോന്നലൊരെണ്ണം തികട്ടിവന്നു
അടക്കാക്കുന്നിന്റെയസ്ഥികൂടം

പാവം - ഇതാരു കടിച്ചു തിന്നു
എല്ലുകൾ മാത്രം തിരികെവെച്ചു
വേറൊന്നുമൊന്നും കാണാനില്ല
സങ്കടം തീരുന്നില്ലെന്റെ മാത്രം.



*വിമീഷ് മണിയൂർ*

കവിത വായിച്ചില്ലേ. കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**ബി.** 'മൈ ലെഫ്റ്റ് ഫൂട്ട്'. എന്ന പുസ്തകം ഏതു സാഹിത്യവിഭാഗത്തിലാണ് ഉൾപ്പെടുന്നത്?
(നോവൽ, ജീവിതചരിത്രം, ആത്മകഥ, കഥ)

**പ്രവർത്തനം 3 (എ) കഥാപാത്രനിരൂപണം**

*'ഓട്ടത്തിൽ മൂന്നാം സ്ഥാനത്തെത്താനാണവൻ ആഗ്രഹിച്ചതെങ്കിലും അവസാന കുതിപ്പിൽ അവൻ എങ്ങനെയോ ഒന്നാമതായി.'*

'പെയ്തു തീരാത്ത സ്വപ്നംപോലെ' എന്ന പാഠത്തിൽ ഓട്ടമത്സരത്തിൽ ഒന്നാമതായിട്ടും ദുഃഖിതനായിരുന്ന അലിയെ പരിചയപ്പെട്ടല്ലോ.

കഥയിലെ അലിയെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

**ബി.** ആർട്ടിസ്റ്റ് നമ്പൂതിരി ഏതു മേഖലയിലാണ് പ്രശസ്തനായത്?
(കഥാകൃത്ത്, ചിത്രകാരൻ, നോവലിസ്റ്റ്, ലേഖകൻ)

**പ്രവർത്തനം 4 പോസ്റ്റർ**

കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന ബഡ്ഡിംഗ് റൈറ്റേഴ്സ് ശില്പശാല നിങ്ങളുടെ വിദ്യാലയത്തിൽ ജനുവരി 28 ന് രാവിലെ 10.30 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിക്കുന്ന ഈ പരിപാടിയുടെ പോസ്റ്റർ തയ്യാറാക്കുക.

**ഉദ്ഘാടനം : ബെന്യാമിൻ**
പ്രശസ്ത സാഹിത്യകാരൻ

**ശില്പശാല നയിക്കുന്നത് : നന്ദിനി**
കവയിത്രി

## പ്രവർത്തനം 5 വിശകലനക്കുറിപ്പ്



മൊബൈൽ ഫോണിൽ നിന്നും കണ്ണെടുക്കാതെ കുഞ്ഞിനു ഭക്ഷണം കൊടുക്കുന്ന അമ്മയെ കണ്ടില്ലേ?

'കിളി അയാളോടു സംസാരിക്കുന്നു' എന്ന പാഠഭാഗത്തിലെ ആശയം പരിചയപ്പെട്ടല്ലോ.

വർത്തമാന കാലത്തെ മൊബൈൽ ഫോൺ ഉപയോഗത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

## പ്രവർത്തനം 6 ജീവചരിത്രക്കുറിപ്പ്

നോവലിസ്റ്റ്, തിരക്കഥാകൃത്ത്,
ചലച്ചിത്ര സംവിധായകൻ,
പത്രാധിപർ
നാടക കൃത്ത്



പത്മവിഭൂഷൺ, പത്മഭൂഷൺ, ജ്ഞാനപീഠം, എഴുത്തച്ഛൻ പുരസ്കാരം,
ജെ.സി ഡാനിയൽ പുരസ്കാരം,
പ്രഥമ കേരള ജ്യോതി പുരസ്കാരം,
കേരള നിയമസഭാ പുരസ്കാരം

മാടത്ത് തെക്കേപ്പാട്ട്
വാസുദേവൻ നായർ

ജനനം : 1933 ജൂലൈ
പാലക്കാട് ജില്ല, കൂടല്ലൂർ

മരണം : 2024, ഡിസംബർ 25
കോഴിക്കോട്

**നോവൽ**
നാലുകെട്ട്, രണ്ടാമൂഴം,
മഞ്ഞ്, കാലം,
അസുരവിത്ത്

മുകളിൽ നൽകിയ സൂചകങ്ങളും മറ്റു വിവരങ്ങളും ഉൾപ്പെടുത്തി എം.ടി. വാസുദേവൻനായരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

**(ബി)** 'മീനോളം' എന്ന നാടകം രചിച്ചതാര്?

(പി.കെ. പാറക്കടവ്, ക്രിസ്റ്റി ബ്രൌൺ, ജയപ്രകാശ് കുളൂർ, വി.കെ. ജോസഫ്)